# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -മലപ്പുറം ജില്ല മലപ്പുറം നഗരസഭ പാണക്കാട് വില്ലേജ്, റസിഡൻഷ്യൽ കെട്ടിട നിർമ്മാണം - കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരസഭ സെക്രട്ടറിയുടെ 14/02/2017- ലെ ബി.എ.353/15-16 നമ്പർ കത്തും ഉള്ളടക്കവും.
2. മലപ്പുറം ടൗൺ പ്ലാനറുടെ 20/03/2017 തീയതിയിലെ A3/431/2017 നമ്പർ കത്ത്

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. സി2/3337/2017 /ഡി.ഡിസ് തീയതി: 15/03/2021

---

മലപ്പുറം ജില്ലയിലെ മലപ്പുറം നഗരസഭ പരിധിയിലുള്ള പാണക്കാട് വില്ലേജിൽ റീ സർവ്വേ നമ്പർ 5/1-ൽ ഉൾപ്പെട്ട 607 ച.മീറ്റർ സ്ഥലത്ത് ഒരു മൾട്ടി ഫാമിലി റെസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ഷരീഫ്.സി ചാലക്കുന്ന്-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത മലപ്പുറം മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. വിഭാവിത നിർമ്മാണം കെ.എം.ബി.ആർ 1999 നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, പ്ലോട്ടിന്റെ തരം, സർവ്വെ നമ്പർ തുടങ്ങിയവ സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
3. അംഗീകൃത മലപ്പുറം മാസ്റ്റർ പ്ലാൻ പ്രകാരം കാരത്തോട് കോണോംപാറ റോഡ് 12 മീറ്റർ വീതിയാക്കുന്നതിനാവശ്യമായ സ്ഥലം വിട്ടിട്ടുണ്ടെന്നും 3 മീറ്റർ ബിൽഡിംഗ് ലൈൻ നൽകിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. കെ.എം.ബി.ആർ 34 (2),(4) പ്രകാരമുള്ള പാർക്കിംഗ് പ്രായോഗികമായി നൽകിയിട്ടുണ്ടെന്നും പ്ലോട്ടിലേക്കുള്ള റാമ്പ് 1 : 6 ൽ കൂടാതെ നൽകിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. കെ.എം.ബി.ആർ 40 (A)(1) പ്രകാരം റാമ്പ് (സ്ലോപ്പ് 1 : 12) മുഖേന കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗമുണ്ടാക്കേണ്ടതും ചട്ടപ്രകാരമുള്ള സാനിറ്റേഷൻ സംവിധാനങ്ങൾ നൽകേണ്ടതുമാണ്.
6. കെ.എം.ബി.ആർ 109 ബി (3) മഴവെള്ള സംഭരണ സംവിധാനം നൽകിയിട്ടുണ്ടെന്നും 109 സി പ്രകാരമുള്ള സോളാർ അസിസ്റ്റഡ് വാട്ടർ ഹീറ്റിംഗ്

GOVERNMENT OF KERALA

ആന്റ് ലൈറ്റിംഗ് സൗകര്യം നൽകിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

7. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിലുള്ള ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ജയശ്രീ. പി. ആർ.
ടൗൺപ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ടൗൺപ്ലാനർ, മലപ്പുറം
പകർപ്പ്:-

1. ശ്രീ.ഷരീഫ്.സി, ചാലക്കുന്നൻ ഹൗസ്, കുഴിപ്പുറം, ഇരിങ്ങല്ലൂർ.പി.ഒ
2. സെക്രട്ടറി, മലപ്പുറം നഗരസഭ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr10032021